# ബൈനറി2k24

## കുട്ടിപ്പട്ടങ്ങളുടെ യാത്ര



## ഗവ ഹൈസ്കൂൾ ബീനാച്ചി

### ലിറ്റിൽ കൈറ്റ്സ്

(ഡിജിറ്റൽ മാഗസിൻ)

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

സജി റ്റി ജി
(ഹെഡ്മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ

ദിവ്യ എബ്രഹാം

സ്റ്റുഡൻറ് എഡിറ്റർ

എയ്ബൽ എം.ബിജു

എഡിറ്റോറിയൽ അംഗങ്ങൾ

ശ്രീനന്ദ കെ ബി
ദേവീകൃഷ്ണ കെ കെ
തൻഹ മെഹബിൻ പി.എസ്.
നിഖിൽ എസ്
അൻസിൽ റിയാൻ വി.വി.

# മുഖമൊഴി

പ്രിയ സുഹൃത്തെ

ചരിത്രത്താളുകളിൽ ഇടം നേടി കൊണ്ടാണ് ജിഎച്ച്എസ് ബീനാച്ചി ഈ അധ്യയന വർഷവും കടന്നുപോകുന്നത്.... ജില്ലയിലെ ഏക മോഡൽ സ്കൂൾ പദവി .........

അറിവ് നിർമ്മാണ പ്രക്രിയയിൽ ഒരു നാഴികക്കല്ല് ..........

സ്കൂളിന്റെ അക്കാദമിക മികവിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പങ്ക് എടുത്തു പറയേണ്ടതാണ്......

സർഗാത്മകത ഏതൊരു മനഷ്യനെയും ശുഭചിത്തനാക്കുന്നു ........

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ വേറിട്ട എഴുത്തന്വേഷണങ്ങൾ .........

കൂട്ടുകാരുടെ താളം കോറിയിട്ട വരകൾ .....

ഓർമ്മയിൽ സൂക്ഷിക്കാൻ ......

എക്കാലത്തെയും പൂക്കാലമാക്കാൻ ...,.....

സഹൃദയ സമക്ഷത്തിലേക്ക് ....

അഭിമാനപൂർവം.......

ബൈനറി2k24

ഈ ഡിജിറ്റൽ യുഗത്തിലും സർഗശേഷികൾക്ക് ഒട്ടും മങ്ങൽ ഏറ്റിട്ടില്ല എന്ന നേർക്കാഴ്ച്ചയോടെ ബീനാച്ചി സ്കൂളിലെ കുട്ടിപട്ടങ്ങൾ അണിയറ ശില്പികളായ 'ബൈനറി - 2k24 ' എന്ന ഡിജിറ്റൽ മാഗസിന് എൻെറ ഹൃദ്യമായ ആശംസകൾ...

സജി ടി ജി

(ഹെഡ്മാസ്റ്റർ)

# താളുകൾ മറിയുമ്പോൾ


ഇന്ന് വന്ന സൂര്യൻ 6
ആമയും മുയലും 7
സ്വപ്നം 8
മിഡാസിൻെറ സുവർണ്ണസ്പർശം 9
ശക്തി 10
അണ്ണാനും കൂട്ടരും 11
ഒന്ന് കാണുവാൻ 12
IT 13
മാതൃത്വം 17
അച്ഛൻ 18
മുന്തിരിക്കിണ്ണം 19
അമ്മ 20
കാക്കയുടെ അതിബുദ്ധി 21
മുല്ലച്ചെടിയും കുട്ടിയും 22
നഷ്ടപെട്ട ഋതുക്കൾ 23
പാതിവഴി 24
Old and New Parliament of India_ 25
School life_ 26
എൻെറ കേരളം 27
മഴ 28
സ്വർണ്ണ പക്ഷി 29
IT Quiz_ 33
ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ 35
മികവുത്സവം 40

# ഇന്നു വന്ന സൂര്യൻ

ഇന്നലത്തെ ദുഖമെല്ലാം തുടച്ചുമാറ്റി
ഇന്നു വന്ന സൂരനെന്റെ
പ്രിയ സാരഥി
കണ്ണിലേതോ പത്മദളം
വിടർത്തിയെന്റെ
മുന്നിൽവന്നു പുഞ്ചിരിക്കും നവ സുഗന്ധി
മണ്ണുണർത്തി വിണ്ണുർത്തിസ്വരമുണർത്തി
കർണ്ണികാരം കാഴ്ചവെച്ച
പൂക്കളൊരുക്കി മുത്തുപെയ്ത
മുകിലിന്റെ മിഴി വിടർത്തി
സപ്തവർണ്ണച്ചിറകുള്ള
തൊരണ്ണം ചാർത്തി
ദിക്കിലെല്ലാം വെളിച്ചത്തെ ക്ഷണിച്ചിരുത്തി
ചിത്രമോരോന്നിടക്കിടെ വരച്ചൊരുക്കി



അനാമിക കെ എസ്
9A

# ആമയും മുയലും

മുയലിനെയും ആമയെയും കുറിച്ചുള്ള വളരെ ജനപ്രിയമായ ഒരു കഥയാണിത്.
മുയൽ വേഗത്തിൽ ചലിക്കുന്ന ഒരു മൃഗമാണ്, ഒരു ആമ സാവധാനത്തിൽ ചലിക്കുന്ന ഒന്നാണ്.
ഒരു ദിവസം, മുയൽ ആമയെ ഓട്ടമത്സരത്തിന് വെല്ലുവിളിച്ചു, താനാണു മികച്ചവനെന്ന് തെളിയിക്കാൻ. ആമ സമ്മതിച്ചു.
ഓട്ടം തുടങ്ങിക്കഴിഞ്ഞാൽ മുയലിന് എളുപ്പത്തിൽ ഒരു തുടക്കം കുറിക്കാൻ കഴിഞ്ഞു. ആമ വളരെ പിന്നിലാണെന്ന് മനസ്സിലായപ്പോൾ. അമിത ആത്മവിശ്വാസത്തിലായ മുയൽ ഉറങ്ങാൻ തീരുമാനിച്ചു.
അതിനിടയിൽ, നിശ്ചയദാർഢ്യവും ഓട്ടത്തിനുവേണ്ടി അർപ്പണബോധവുമുള്ള ആമ സാവധാനം ഫിനിഷിംഗ് ലൈനിലേക്ക് അടുക്കുകയായിരുന്നു.
മുയൽ ഉറങ്ങുമ്പോൾ ആമ ഓട്ടത്തിൽ വിജയിച്ചു. ഏറ്റവും പ്രധാനമായി അദ്ദേഹം അത് വിനയത്തോടെയും അഹങ്കാരമില്ലാതെയും ചെയ്തു.

കഥയുടെ ഗുണപാഠം
നിങ്ങൾ കഠിനാധ്വാനം ചെയ്യുകയും സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ലക്ഷ്യങ്ങൾ നേടാനാകും. സാവധാനത്തിലും സ്ഥിരതയിലും ഓട്ടം വിജയിക്കുന്നു.



റിൻഷ ഷെറിൻ
9C

# സ്വപ്നം

കിനാവുകൾ കാണാൻ
ആരാണെന്നെ പഠിപ്പിച്ചതെന്നെനിക്കറിയില്ല
നിറയെ പൂക്കളും പൂമ്പാറ്റകളും
പാറിപ്പറക്കുന്ന ലോകത്ത്
എത്ര തവണ ഞാൻ നൃത്തം ചെയിതിട്ടുണ്ട്
അവിടെ മുൾച്ചെടികളോ മുൾകിരീടങ്ങളോ
മീന്മുള്ളുകളോ ഉണ്ടായിരുന്നില്ല
തവളയുടെ നിലവിളിയോ കഴുതയുടെ മുറവിളിയോ
എന്നെ അലോസരപ്പെടുത്തിയിരുന്നില്ല
ഇന്ന് പൂക്കളെവിടെയാണ് പൂമ്പാറ്റകളെവിടെയാണ്
കിനാവുകളിൽ പൂമ്പാറ്റകളെ കൈയ്യെത്തിപ്പിടിച്ചിരുന്ന
ആ കൊച്ചുകുട്ടികളുടെ കൗതുകമെവിടെയാണ്
മായമായ ലോകമേ നീ ഒരു മരീചികയാണ്
അകലെയുള്ള ഭംഗിയല്ല അടുത്തെത്തുമ്പോൾ
പച്ചകൾക്ക് പകരം ഉണങ്ങിയ പുല്ലുകൾ
ഉണങ്ങിയ പുല്ലുകളിൽ പോലും തീ പിടിച്ചവ
നശിച്ചിരിക്കുന്നു
സർവത്ര ഇരുട്ട് കൺചിമ്മിയാലും തുറന്നാലും ഇരുട്ട്
അതെ ആ ഇരുട്ടിൽ ആ പെൺക്കുട്ടി ഇപ്പോഴും
കിനാവു കാണുകയാണ്.

ആഷിത്ത്
9C

# മിഡാസിന്റെ സുവർണ്ണ സ്പർശം

പണ്ട് ഗ്രീക്ക് രാജാവ് മിഡാസ് ഉണ്ടായിരുന്നു.
അവൻ വളരെ സമ്പന്നനായിരുന്നു, ധാരാളം സ്വർണ്ണം ഉണ്ടായിരുന്നു. അയാൾക്ക് ഒരു മകളുണ്ടായിരുന്നു, അവൻ ഒരുപാട് സ്നേഹിച്ചു.
ഒരു ദിവസം, സഹായം ആവശ്യമുള്ള ഒരു മാലാഖയെ മിഡാസ് കണ്ടെത്തി. അവൻ അവളെ സഹായിച്ചു, പകരം അവൾ ഒരു ആഗ്രഹം നൽകാൻ സമ്മതിച്ചു.
തൊട്ടതെല്ലാം പൊന്നായി മാറട്ടെ എന്ന് മിഡാസ് ആഗ്രഹിച്ചു. അവൻ്റെ ആഗ്രഹം സാധിച്ചു
വീട്ടിലേക്കുള്ള വഴിയിൽ അവൻ പാറകളിലും ചെടികളിലും സ്പർശിച്ചു, അവ സ്വർണ്ണമായി മാറി.
വീട്ടിലെത്തിയ അയാൾ ആവേശത്തിൽ പൊന്നായി മാറിയ മകളെ കെട്ടിപ്പിടിച്ചു.
മിഡാസ് തകർന്നുപോയി, അവൻ പാഠം പഠിച്ചു. തൻ്റെ പാഠം പഠിച്ച മിഡാസ് തൻ്റെ ആഗ്രഹം എടുത്തുകളയാൻ മാലാഖയോട് ആവശ്യപ്പെട്ടു.

കഥയുടെ ഗുണപാഠം
അത്യാഗ്രഹം നിങ്ങൾക്ക് നല്ലതല്ല. സന്തോഷകരവും സംതൃപ്തവുമായ ജീവിതം നയിക്കുന്നതിൽ സംതൃപ്തരും സംതൃപ്തരുമായിരിക്കുക



ഫാത്തിമ സിയ
9c

# ശക്തി

മൗനത്തിന്റെ ശക്തി
ശബ്ദത്തിനറിയാം....
വെളിച്ചത്തിന്റെ ശക്തി
ഇരുട്ടിനറിയാം

സത്യത്തന്റെ ശക്തി
അത്,കളവിനറിയാം
ശരിയുടെ ശക്തി
അത്,തെറ്റിനറിയാം

എന്നാൽ...
ധൈര്യത്തിന്റെ ശക്തി
അത്,ധീരൻമാർക്കേ
അറിയൂ....



നിഖിൽ.എസ്
9A

# അണ്ണാനും കൂട്ടരും

ഒരു ദിവസം രാവിലെ ലാലു അണ്ണാൻ എഴുന്നേറ്റു .നീലക്കാട്ടിലെ ഒരു അണ്ണാനാണ് ലാലു.
അവന്റെ കൂട്ടുകാരിയാണ് മിട്ടു എന്ന തത്ത.അവളുടെ അടുത്ത കൂട്ടുകാരനാണ് മിനു എന്ന കുയിൽ. പിന്നെ അവസാനത്തെ ആളാണ് മിയ എന്ന മുയൽ . അങ്ങനെ ലാലു അവന്റെ കൂട്ടുകാരെയൊക്കെ വിളിച്ച് കളിക്കാനിറങ്ങി. അവർ ഓട്ടമത്സരം വച്ചു. മത്സരത്തിനിടെ അണ്ണാന് പരുക്കേറ്റു. അവർ മത്സരം നിർത്തി. അണ്ണാന് വളരെ വേദനിച്ചു. അവിടെ അവനെ സഹായിക്കാൻ ആരുമില്ലായിരുന്നു. അപ്പോഴാണ് അവിടേക്ക് ച്ചുച്ചു എന്ന പൂച്ച വന്നത്.ച്ചുച്ചുവിന്റെ അടുത്ത് പച്ചിലയുണ്ടായിരുന്നു.അത് വച്ച് അവൻ അണ്ണാന്റെ മുറിവ് ഉണക്കി. അങ്ങനെ അവർ അഞ്ചു പേരും കൂട്ടുകാരായി.



റാമിൻ റിസ്‌വി

3B

# ഒന്ന് കാണുവാൻ

അന്നുനാം നടന്നൊരാ
മൺപാതകൾ
ഇന്നോ വിസ്മയം....
അന്നുനാം തൊട്ടൊരാ
വയലേലകൾ
ഇന്നോ ശൂന്യമാം
ഭൂമി..
അന്നുനാം രുചിച്ചൊരാ
മച്ചാറുകൾ
ഇന്നോ കാണാതൊരാ
മാതോപ്പുകൾ

ശൂന്യമാം ഇന്നിൽ നിന്നും
ആ നല്ല കാലത്തിലേക്കൊന്ന്
തിരിഞ്ഞു നടക്കുവാൻ
തോന്നി..
സ്വപ്നമാണെങ്കിലും ഒന്നു കാണുവാൻ
കൊതിക്കുന്നൊരീ
മിഴികളും



നിയ
9B

# IT

കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കുകൾ നിർമ്മിക്കുക, ഡാറ്റയും വിവരങ്ങളും സംരക്ഷിക്കുക, കമ്പ്യൂട്ടർ പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിശാലമായ പ്രൊഫഷണൽ വിഭാഗമാണ് ഇൻഫർമേഷൻ ടെക്നോളജി (ഐടി).
വോയ്സ്, ഡാറ്റ, വീഡിയോ എന്നിവ ഉപയോഗിച്ച് വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, സേവനങ്ങൾ, പിന്തുണയ്ക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ഉപയോഗം വിവരസാങ്കേതികവിദ്യ ഒരു കമ്പനിക്കായി ആശയവിനിമയ

ശൃംഖലകൾ നിർമ്മിക്കുന്നു. ഡാറ്റയും വിവരങ്ങളും സംരക്ഷിക്കുന്നു, ഡാറ്റാബേസുകൾ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, ജീവനക്കാരെ അവരുടെ കമ്പ്യൂട്ടറുകളിലോ മൊബൈൽ ഉപകരണങ്ങളിലോ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക, ഒരു കമ്പനിക്ക് ആശയവിനിമയ ശൃംഖലകൾ നിർമ്മിക്കുക, ഡാറ്റയും വിവരവും സംരക്ഷിക്കുക, ഡാറ്റാബേസുകൾ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ജീവനക്കാർ അവരുടെ കമ്പ്യൂട്ടറുകളിലോ മൊബൈൽ ഉപകരണങ്ങളിലോ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നു

കമ്പ്യൂട്ടർ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും, നെറ്റ്‌വർക്കുകളും ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റങ്ങളും,

ഡാറ്റാബേസുകളും ഇൻഫർമേഷൻ മാനേജ്മെൻ്റ് സിസ്റ്റങ്ങളും, ഇൻററർനെറ്റും വെബ് അധിഷ്ഠിത സാങ്കേതികവിദ്യകളും വിവര സാങ്കേതിക വിദ്യയുടെ ഉദാഹരണങ്ങളിൽ ഉൾപ്പെടുന്നു. കമ്പ്യൂട്ടർ ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും, നെറ്റ്‌വർക്കുകളും ടെലികമ്മ്യൂണിക്കേഷൻ സിസ്റ്റങ്ങളും, ഡാറ്റാബേസുകളും ഇൻഫർമേഷൻ മാനേജ്മെൻ്റ് സിസ്റ്റങ്ങളും, ഇൻററർനെറ്റും വെബ് അധിഷ്ഠിത സാങ്കേതികവിദ്യകളും വിവര സാങ്കേതിക വിദ്യയുടെ ഉദാഹരണങ്ങളിൽ ഉൾപ്പെടുന്നു. 1958-ലെ ഹാർവാർഡ് ബിസിനസ് റിവ്യൂവിൽ ഈ പദം ആദ്യമായി പ്രസിദ്ധീകരിച്ചത് എഴുത്തുകാരായ ഹാരോൾഡ് ജെ. ലീവിറ്റും തോമസ്

സി. വിസ്ലറും പറഞ്ഞു, ”പുതിയ സാങ്കേതികവിദ്യയ്ക്ക് ഇതുവരെ ഒരു സ്ഥാപിത പേര് പോലും ഇല്ല. ഞങ്ങൾ അതിനെ ഇൻഫർമേഷൻ ടെക്നോളജി എന്ന് വിളിക്കും.







എയ്ബൽ എം ബിജു

9C

# മാതൃത്വം

ഓംകാരം..... അതിൽ അമ്മയുണ്ട്
നെഞ്ചിലെ സ്നേഹത്തിൻ ഉറവയുണ്ട്
കാ... കാ... കരയുന്ന കാകന്റെ ഉള്ളിലും
കുഞ്ഞിനെയോർക്കുന്ന അമ്മയുണ്ട്
മ്യാവു കരയുന്ന പൂച്ചയും പിന്നെ
ബൗ,, ബൗ,, കുരക്കുന്ന പട്ടിതൻ കുഞ്ഞിനും
വാത്സല്യ പാലൂട്ടി നിൽക്കുന്ന അമ്മ
ദേവനും ദേവിക്കും
പുഴുവിനും പ്രാണിക്കും
മാറിലെതേനുറ്റമമ്മ
സർവ്വം സഹയാണമ്മ
സ്നേഹത്തിൻ നിറകുടമമ്മ
അമൃതിൻ നിറവേകിയമ്മ



ദേവി കൃഷ്ണ കെ കെ
9A

# അച്ഛൻ

സ്നേഹത്തിൻ നിറകുടമെന്നച്ഛൻ
ത്യാഗത്തിൻ നേർരേഖയാണച്ഛൻ
പാവമാണച്ഛൻ
പണിയില്ല എപ്പോഴും കാശില്ല കൈയിൽ എങ്കിലും
പതറാറില്ല അച്ഛൻ
ഇടറാത്ത പുഞ്ചിരിയച്ഛൻ
എന്നുമെൻ കൈത്താങ്ങ് അച്ഛൻ



ദിൽന ഫാത്തിമ
9C

# മുന്തിരിക്കിണ്ണം

എന്റെ മുന്തിരിക്കിണ്ണം നിറഞ്ഞു കവിഞ്ഞു
അതിലെന്റെ മുന്തിരി മുങ്ങിത്താഴ്ന്നു
അടച്ചുവെച്ചിട്ടും കവിഞ്ഞൊഴുകി
ഇരു കരകളിലും വർഷം തീർത്തു.
എന്റെ എല്ലാ ശ്രമങ്ങളും
തകർത്തെറിഞ്ഞ്  തുളുമ്പിക്കൊണ്ടിരുന്നു
എന്തിനെന്നറിയാതെ തേങ്ങി
ഹൃദയവും....



നിദ ഫാത്തിമ പി കെ
8 ബി

# അമ്മ

അമ്മയെന്ന പേരു കേൾക്കുമ്പോൾ
എന്റെ ഉള്ളം നിറയും സന്തോഷത്താൽ
ആയിരം ഉമ്മകൾ തന്നു അമ്മ പോകുമ്പോൾ
പിടയുന്നു എൻ നെഞ്ചകം
തിരികെ വരുന്നതു കാത്തു കാത്തു നിന്നു ഞാൻ.
ആ മുഖം കണ്ടയുടനെ
തെളിയുന്നു എൻ മുഖം ചന്ദ്രനെപോലെ.




റഹാൻ വി. ജെ
3B

# കാക്കയുടെ അതിബുദ്ധി

1.ഒരു ഉത്സവപ്പിറ്റേന്ന് രണ്ടു പൂച്ചകൾ അവിടെയൊക്കെ ചുറ്റി നടക്കുന്നുണ്ടായിരുന്നു. അതിൽ ഒരു പൂച്ച വലിയൊരു അപ്പക്കഷണം കണ്ടു കരഞ്ഞു ശബ്ദമുണ്ടാക്കി. അപ്പോൾ അടുത്ത പൂച്ച അപ്പ കഷണത്തിന്മേൽ ചാടി വീണു. അത് കൈക്കലാക്കി. അപ്പ കഷ്ണം ആദ്യം കണ്ട പൂച്ച പറഞ്ഞു "ഞാനാണ് അപ്പം ആദ്യം കണ്ടത് അത് എനിക്കു വേണം." അപ്പോൾ മറ്റേ പൂച്ച പറഞ്ഞു. " അത് തൊടരുത്. ഞാനാണ് അത് ആദ്യം എടുത്തത്". അങ്ങനെ അപ്പത്തിനു വേണ്ടി അവർ കലഹിക്കാൻ തുടങ്ങി. അവർ ഒരു തീരുമാനത്തിലെത്തിയില്ല .



അപ്പോൾ ഒരു കാക്ക അതുവഴി പറന്നു വന്നു .പൂച്ചകൾ കലഹിക്കുന്നത് കൊണ്ട് കാക്ക കാര്യം അന്വേഷിച്ചു. കാര്യമറിഞ്ഞപ്പോൾ കാക്കയുടെ മനസ്സിൽ ഒരു ബുദ്ധി തോന്നി. ഇവർ വെറും മണ്ടന്മാരാണ് ഈ അപ്പം എനിക്ക് സ്വന്തമാക്കണം .കാക്ക പൂച്ചകളോട് പറഞ്ഞു .നിങ്ങൾ രണ്ടുപേരും കലഹിക്കരുത് .ഞാൻ ഇത് നിങ്ങൾക്ക് പങ്കിട്ടു തരാം .പൂച്ചകൾ സമ്മതിച്ചു .അപ്പം കാക്കയുടെ കയ്യിൽ കൊടുത്തു. കാക്ക അപ്പം രണ്ടായി മുറിച്ചപ്പോൾ അപ്പത്തിന്റെ ഒരു കഷണം വലുതായിപ്പോയി ഒന്നു ചെറുതും. കാക്ക വലിയ കഷണം എടുത്തു കൊത്തി .അപ്പോൾ മറ്റേ കഷണം അല്പം വലുതായിപ്പോയി .അങ്ങനെ ഓരോ തവണയും കടിച്ചു തിന്നുമ്പോൾ അടുത്ത ഭാഗം വലുതായിപ്പോയി. അങ്ങനെ കാക്ക വീണ്ടും വീണ്ടും അപ്പം അകത്താക്കി .അങ്ങനെ മുഴുവൻ അപ്പവും കാക്ക അകത്താക്കി .അവസാനം പൂച്ചകൾ ചമ്മിപ്പോയി.

ഫിൽസ ഫഹ്മി കെ എ

**4C**

# മുല്ലച്ചെടിയുംകുട്ടിയും

മുല്ലച്ചെടിയേ ഞാനെത്ര
കാത്തു വേരുപിടിക്കാൻ നീ
വള്ളിച്ചെടിയേ ഞാനെത്ര
പ്രാർത്ഥിച്ചു ,രണ്ടില പൊട്ടാൻ
മുല്ലച്ചെടിയേ ഞാനെത്ര
മോഹിച്ചെന്നോ മൊട്ടു വരാൻ
മൊട്ടു നിറഞ്ഞത് കണ്ടപ്പോൾ
ഉള്ളം തുള്ളി പൂവിരിയാൻ.
മൊട്ടെല്ലാം പൂവായപ്പോൾ
അമ്മ പറഞ്ഞു ചൂടിക്കോ,
നുള്ളിയെടുക്കാൻ തോന്നീലാ
മുല്ലപ്പൂവിന് നൊന്താലോ!!



അംന പർവ്വീൻ
9B

# നഷ്ടപ്പെട്ട ഋതുക്കൾ

വസന്തമെത്താതെ പോയതെന്തേ..
ഓരോ പുൽക്കൊടി തുമ്പിലും
പൂക്കളിറുക്കാത്ത ബാല്യങ്ങളും
തേൻ നുകരാത്ത കരിവണ്ടുകൾ.

മഞ്ഞിലുറയാത്ത പുൽമേടുകൾ
മഞ്ഞിലുറയാത്ത നീരരുവിയും
നീലാകാശമെവിടെ
മാമ്പൂക്കളെല്ലാം മറഞ്ഞുപോയി.

വേനലിൽ വെന്ത മനസുകളും, എവിടെ
ഗ്രീഷ്മത്തിൽ കനലെരിയും കാവ്യഭാവം.

വർഷമെവിടെ
പാടാത്ത പുഴകളും
തളിരണിയാത്ത കിനാക്കളും
എന്റെ ബാല്യവും കടന്നു പോയി.



നക്ഷത്ര റ്റി.എ

9 B

# പാതിവഴി

തിരയുന്നു ഞാൻ പാതിപൂത്ത
വാകമരപാതയിൽ.....
കാണുന്നു  ഞാൻ ചിതറിക്കിടക്കുന്ന
വാകമരപൂക്കളിൽ.
എന്റെ ഓരോ കാൽപെരുമാറ്റവും
തിരയുന്നതാർക്കുവേണ്ടി....
ഓരോ വാകമരപ്പൂക്കളിലേക്കും
നടന്നടുക്കുമ്പോഴും.....
ചൊല്ലുന്നു പൂക്കൾ പല പല കഥകളും...
വീണ്ടുമാ....ഓർമ്മകളിലേക്കൊരു
യാത്രയായി.......
വാകപൂക്കളെ കണ്ണീർ നനയിക്കുമേ,
ഓർമകൾ
ഹൃദയം നുറുങ്ങുമാ  വേദനയിലും....
പൂക്കളെ ചേർത്തു പിടിച്ചു.
തുടങ്ങുന്നൊരു....  പാതിവഴി
തേടിയുള്ളൊരു യാത്ര
നടന്നകലുകയാണോ....ചിതറിക്കിടക്കുന്നൊരു
വാകമരപ്പൂക്കളിൽ
 പാതിയിലൂടെ



ഫാത്തിമത് ജുമാന നസ്റിൻ
8B

# OLD AND NEW PARLIAMENT OF INDIA

1.PM innaugrates the new parliament on?

28 may 2023



2.The chief artitect of the new parliament?

Bimal Patel

3.The shape of new parliament building?

Triangular

4.The parliament located in India ?

New Delhi

5.Which company has built the new parliament building?

Tata projects limited

6.Which company designed the new parliament?

HCP design

7.How much money has been spent in the constraction of the new parliament?



1200 crore

8.How much many entrances does the new parliament have?

3 entrance

9.How many floors are there in the new parliament?

4 floor

10.How many comittee rooms have been constracted in the new parliament?

6 rooms

11.How many seats are there for the lok sabha in the new parliament?

888

12 .How many seats are there for the rajyasbha in the new parliament?

384 seats

# School life

The age of joy
h’s always will be in school
here we select good and bad elecision
some times it will be comes true
and some times wrong
the moments of memories
real start in a school
the life of human
get’s a dicision in school



സിനാൻ കെ ബി
8D

# എന്റെകേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്ണ്യവതി മനമനശ്ശാന്തിതരും
മമ ജന്മ നാടേ മനോഹരി




കളകളമൊഴുകി സ്നിശ
മടിത്തട്ടു കാണുമാറഴകാർന്ന-
രുവികളുമതിരിൽ മേഘ മേലാപ്പു-
തൊടുമുത്തുംഗ മേരുക്കളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴ പോലസംഖ്യം
ശീതളമാമലഞൊറിയികും
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞു വീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ

ഇളം കാറ്റിൽ പാറുമംഗന
തൻ ചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തിര
ഞൊറിയും സാഗരം നീളെ...

മണ്ണിൻ മാദൃക ഗന്ധം നകരും
മക്കൾക്കാശ്ചര്യമരുളും
മമനാടെ മനോഹരി.. മനസ്സിൽ

സംഗീത് വി ജി
9B

# മഴ

മഴയെപ്പഴും പെയ്തുകൊണ്ടിരുന്നു
അയാൾ മുഖം തിരിഞ്ഞ്
മുറ്റത്തേക്കിറങ്ങി
നിഷ്കളങ്കനായ കുട്ടിയെ പോലെ കുട തോളിലിരുന്നു ചിരിച്ചു
ഭ്രാന്തെന്നാരോ പുലമ്പി

തലയുയർത്തി നോക്കാതെ അയാൾ നടന്നകലുകയായിരുന്നു
കണ്ണുകളിലപ്പോഴും  മാറ്റൊരു മഴ
തോരാതെ പെയ്തു കൊണ്ടിരുന്നു
മഴയെ മറയായി അയാൾ സ്വയം ജയിക്കുകയായിരുന്നു ........



ഗായത്രി കെ യു
8D

# സ്വർണ്ണപക്ഷി

ഒരിടത്ത് ഒരു രാജാവ്
താമസിച്ചിരുന്നു
ആദ്ദേഹത്തിന്റെ കൈയിൽ
ലോകത്തിലെ ഏറ്റവും
പ്രത്യകതയുള്ള ആപ്പിൾ
മരം ഉണ്ടായിരുന്നു ആ
മരത്തിൽ സ്വർണത്തിന്റെ
ആപ്പിൾ  വിളയുമായിരുന്നു
എല്ലാദിവസവും
തോട്ടകാരൻ ആപ്പിൾ
എണ്ണി രാജവിന്
കൊണ്ടുകൊടുക്കുമായിരു
ന്നു ഒരു ദിവസം ഒരു
ആപ്പിൾ കാണാൻ ഇല്ല.
ആപ്പിൾ കാണാൻ ഇല്ല
എന്ന് കേട്ടതോടെ
രാജാവിന് ദേഷ്യം
വന്നു .ആ കള്ളനെ
വെറുതെ വിടാൻ പാടില്ല.
ആ രാത്രി തോട്ടകാരന്റെ
മൂത്തമകനെ ആപ്പിൾ
മരത്തിന്റെ കാവൽ
കാരനായി
നിർത്തി .അർദ്ധരാത്രിയാ
യപ്പോൾ മൂത്തമകൻ
ഉറങ്ങിപ്പോയി .പിറ്റേന്ന്
രാവിലെ തോട്ടകാരൻ
ആപ്പിൾ എണ്ണിയപ്പോൾ
ഒരു
ആപ്പിൾക്കൂടികാണാതായി.
അവൻ അന്ന് രാത്രി
മൂന്നാമത്തെ മകനെ
കാവൽകാരനായി
നിർത്തി.  അപ്പോൾ
അർദ്ധരാത്രി
ഒരു സ്വർണ്ണപക്ഷി ആപ്പിൾ
കൊത്തിക്കൊണ്ട്
പോവുന്നത് കണ്ട്
മൂന്നാമത്തെ മകൻ ആ
സ്വർണ്ണപക്ഷിക്കു നേരെ
അമ്പ് എയ്തു. അത് ആ
പക്ഷിക്ക് കൊണ്ടില്ല പക്ഷി
ഒരു സ്വർണ്ണ തൂവൽ താഴെ
ഇട്ട് അവിടെ നിന്നും
പോയി. രാവിലെ
തോട്ടകാരനും മക്കളും ആ
സ്വർണ്ണതൂവലുമായി
രാജാവിന്റെ അടുത്ത്
എത്തി. രാജാവ്  എനിക്ക്
ആ പക്ഷിയെ വേണം ആ
പക്ഷിയെ കൊണ്ട് തരുന്ന
ആൾക്ക്
ഞാൻ ഒരു സമ്മാനം തരും
എന്ന് പറഞ്ഞപ്പോൾ
മൂത്തമകൻ ഈ ദൗത്യം
ഏറ്റേടുത്തോളാം എന്ന്

പറഞ്ഞു അവിടെ നിന്ന്
പോയി .പോകുന്ന വഴിയിൽ
ഒരു കുറുക്കനെ കണ്ടു.ആ
കുറുക്കൻ പറഞ്ഞു നീ
എന്തിനാണ് പോകുന്നത്
എന്ന് എനിക്ക് അറിയാം
തേത്തിൽ ചീത്തതും
വൃത്തിയില്ലാത്തതുമായ
വീടുമായിരിക്കും. നീ അതിൽ
ഇന്ന് താമസിക്കണം.
മൂത്തമകൻ രണ്ടാമത്തെ
വീട്ടിൽ കയറാതെ നല്ല
വീട്ടിലേക്കുകയറി .അവൻ
നല്ലതുപോലെ കഴിക്കുകയും
കുടിക്കുകയും ചെയ്തു.
അവൻ പക്ഷിയെയും
രാജ്യത്തിനെയും
മറന്നു .സമയം ഏറെ
ആയിട്ടും മൂത്തമകൻ
വരാത്തതുകോണ്ട്
രണ്ടാമത്തെ മകൻ
ഇറങ്ങിത്തിരിച്ചു. അവനും
അതേ അനുഭവം ഉണ്ടായി.
അവൻ കുറുക്കനെ കണ്ടു ,
കുറുക്കൻ പറഞ്ഞതുപോലെ
അവനും രണ്ട് വീടിന്റെയും
മുന്നിൽ എത്തി. മൂത്തമകൻ
അവനെ നല്ല വീട്ടിലേക്ക്
വിളിച്ചുകോണ്ടുപോയി .അതു
പോലെതന്നെ അവനും
സ്വർണ്ണ പക്ഷിയെയും
രാജ്യത്തെയും മറന്നു.

സമയം കടന്നു പോയി
മൂന്നാമത്തെ മകനും
സ്വർണ്ണപക്ഷിയെ
തേടിയിറങ്ങാൻ തുടങ്ങി.
പക്ഷേ അച്ഛന്
പേടിയായിരുന്നു
അവസാനം തോട്ടക്കാരൻ
സമ്മതിച്ചു. അവനും
കാട്ടിലെത്തി കുറുക്കനെ
കണ്ടു .കുറുക്കൻ പറഞ്ഞത്
അവൻ കേട്ടു കുറുക്കൻ
മൂന്നാമത്തെ മകനെ
ഗ്രാമത്തിലേക്ക്
കൊണ്ടുപോയി .മൂന്നാമ
ത്തെ മകൻ നശിച്ച
വാതിലിൽ കേറി ,അവിടെ
ഒരു രത്രി
വിശ്രമിച്ചു .അതിരാവിലെ
കുറുക്കൻ വീണ്ടും ഒരു
സൂത്രവുമായി
വന്നു .കുറുക്കൻ
പറഞ്ഞതുപോലെ അവൻ
അനുസരിസരിച്ചു. പിന്നീട്
കുറുക്കൻ അവനെ വാലിൽ
ഇരുത്തി കൊട്ടാരത്തിന്റെ
മുന്നിൽ എത്തിച്ചു. അവിടെ
ഏല്ലാ ഭടന്മാരും
ഉറക്കത്തിൽ
ആയിരുന്നു .അവൻ
അകത്തേക്ക് കയറി
അവിടെ

അറകണ്ടു .കുറുക്കൻ പറഞ്ഞതുപോലെ തന്നെ അവൻ അപ്പോൾ പഴയ കൂട്ടിൽ നിന്ന് പക്ഷിയെ സ്വർണ കൂട്ടിൽ ഇടാൻ ശ്രമിച്ചു .കൂട് തുറന്ന് പക്ഷി പുറത്തേക്കു വന്നു. നിലവിളിച്ചു .അത് കേട്ട് ഉറങ്ങിക്കിടന്ന ഭടന്മർ എണീറ്റു. അവനെ ബന്ദിയാക്കി .പിറ്റേദിവസം അവന്റെ കാര്യങ്ങൾ അറിഞ്ഞ രാജാവ് അവന് മരണ ശിക്ഷ കൊടുത്തു .അവന്റെ അപേക്ഷകേട്ട് രാജാവ് അവന് ഒരു  അവസരം കൊടുത്തു. കാറ്റിലോടുന്ന കുതിരയെ രാജാവിന് കൊണ്ട് കൊടുക്കണം എന്ന് പറഞ്ഞു .എന്നാൽ അവനെ കൊല്ലത്തില്ല എന്നും പറഞ്ഞു .അങ്ങനെ കറ്റിൽ ഓടുന്ന കുതിരയെ തിരഞ്ഞ് അവൻ നടന്നു. അപ്പോൾ ആ കുറുക്കനെ വീണ്ടും കണ്ടുമുട്ടി ,കുറുക്കൻ ഒന്നുംകൂടി സഹായിക്കാം എന്ന് പറഞ്ഞു. സ്വർണ്ണ കുതിരയെ പിടിക്കാൻ ഒരു സൂത്രം പറഞ്ഞു കൊടുത്തു. മൂന്നാമത്തെ മകൻ കുറുക്കൻ പറഞ്ഞതുപോലെത്തന്നെ അവൻ ചെയ്തു.എന്നാൽ അവന്റെ ഒരു ചെറിയ കൈയബദ്ധം കാരണം അവനെ അവിടെത്തെ ഭടന്മാർ പിടികൂടി ബന്ദിയാക്കി അവന് മരണശിക്ഷ വിധിച്ചു .പക്ഷേ അവൻ വീണ്ടും അപേക്ഷിച്ചു, രാജാവ് അവനോട് പറഞ്ഞു സുന്ദരിയായ രാജകുമാരിയെ രാജാവിന്റെ അടുത്ത് എത്തിച്ചാൽ സ്വർണ്ണ കുതിരയും സ്വർണ്ണ പക്ഷിയെയും തരുമെന്ന് പറഞ്ഞു .അവൻ വീണ്ടും പഴയ വഴിയെ നടന്നു കുറുക്കനെ കണ്ടുമുട്ടി. കുറുക്കൻ പറഞ്ഞതുപോലെ അവൻ പോയി രാജകുമാരിയേയും കൂട്ടി അവൻ കുറുക്കനെ കണ്ടു. കുറുക്കൻ അവനോട് ഒരു സൂത്രം  പറഞ്ഞു കൊടുത്തു .രാജകുമാരിയെ രാജകുമാരന്  കൊടുക്കുക അപ്പോൾരാജകുമാരൻ കുതിരയെ തരും ,അപ്പോൾ രാജകുമാരിയെ കുതിരയിൽ കേറ്റുക, എന്നിട്ട്

സ്വർണ്ണകുതിരയെ
രാജാവിന് കൊടുക്കുക.
അപ്പോൾ സ്വർണ്ണ
പക്ഷിയെ തരും .
സ്വർണ്ണകുതിരയേയും
രാജകുമാരിയേയും
കൊണ്ട്അവന്റെ
കൊട്ടാരത്തിലേക്ക് അവർ
പോയി.പിന്നെ  അവൻ
അവിടുത്തെ രാജകുമാരൻ
ആയി.



സൽമാനുൽ ഫാരിസ്
8D

# I.T QUIZ

1. A device that connects computers to a network?
Ans:- Router
2. which is the program that runs on a web server and responds to requests from web browsers?
Ans:- Web application
3. What type of memory that is volatile and loses its data when the power is turned off?
Ans:- Ram
4. What type of software that protects a computer from viruses ,malware ,and other threats?
Ans:- Antivirus
5. What type of data compression that reduces the size of a file without losing any information?
Ans:- Lossless
6. What type of network that covers a large geographic area, such as a country or a continent ?
Ans:- Wan
7. What type of encryption that uses the same key to encrypt and decrypt data?
Ans:- Symmetric
8. What type of database that stores data in tables with rows and columns?
Ans:- Relational
9. What type of programming language that is interpreted by a browser and runs on the client -side?
Ans:- Java script
10. What type of software that allows users to create, edit, and format documents?
Ans:- Word processor

11. What type of malware that replicates itself and spreads to other computers?
Ans:- Worm
12. What type of device that converts digital signals to analog signals and vice versa?
Ans:- Modem
13. What type of system that uses artificial intelligence to mimic human behaviour and reasoning?
Ans:- Expert system
14. What type of software that simulates a physical or virtual environment and allows users to interact with it?
Ans:- Virtual reality
15. What type of algorithm that sorts a list of elements repeatedly swapping adjacent element that are out of order?
Ans:- Bubble sort




Vygha cs

9 -C

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ



# Digitalised Library

**സ്കൂൾ ലൈബ്രറിയിലെ വിവരങ്ങൾ പൂർണ്ണമായി ഡിജിറ്റലൈസ്ചെയ്യുന്നതിന്റെ ആദ്യ ഘട്ടം ആരംഭിച്ചു. ബുക്ക്നമ്പർ,പുസ്തകത്തിന്റെപേര്,രചയിതാവ് ,പ്രസാധകൻ,വിഭാഗം,വില,പുസ്തകം ലഭിച്ച സ്രോതസ്,കവർചിത്രം എന്നിവ ഉൾപ്പെടുത്തി ഡാറ്റാബേസ് സങ്കേതംഉപയോഗിച്ച് ലൈബ്രറി ഡിജിറ്റലൈസ് ചെയ്തു വരുന്നു**

# ഇൻഡസ്ട്രിയൽ വിസിറ്റ്




ജി എച്ച് എസ് ബീനാച്ചിയിലെ ഒൻപതാം തരം ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഇൻഡസ്ട്രിയൽ വിസിറ്റിന്റെ ഭാഗമായി സുൽത്താൻ ബത്തേരിയിലെ ഐടി കമ്പനിയായ Vonnue Innovations സന്ദർശിച്ചു.നൂറോളം ഐടി വിദഗ്ധർ ജോലി ചെയ്യുന്ന ഈ സ്ഥാപനം സന്ദർശിച്ചതിലൂടെ വിദ്യാർത്ഥികൾക്ക് പകർന്നു കിട്ടിയത് നൂതനമായ ആശയങ്ങളാണ്. വായിച്ചും കേട്ടും അറിഞ്ഞവസ്തുതകൾ കണ്ടു മനസിലാക്കിയത് അവാച്യമായ അനുഭവമായി കുട്ടികൾക്ക് മാറി. ആശയ സംവാദം നടത്തിയും സംശയങ്ങൾ ദുരീകരിച്ചും ഈ സന്ദർശനം ഏറ്റവുംഉപകാരപ്രദമായി വിനിയോഗിച്ചു.കേരളത്തിലും പുറത്തുമായുള്ള ഐടികമ്പനികളുമായി സഹകരിച്ച് സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് നടത്തുന്ന കമ്പനിയാണ് വൊന്യൂ. സോഫ്റ്റ് വെയർ കൺസൾട്ടന്റ്സ് ആയ ശ്രീ നിവ്യ, ശ്രീ യാഹ്യ ഉസ്മാൻ എന്നിവർ വെബ് ഡിസൈനിംഗ്,ഡാറ്റ ട്രാൻസ്ഫറിംഗ് എന്നിവ പ്രോജക്ടറിന്റെ സഹായത്തോടെ വിവരിച്ചു.സീനിയർ ഐടി വിദഗ്ധനായ ശ്രീ നിജേഷ് സോഫ്റ്റ് വെയർ മേഖലയിലേക്ക് കടന്നുവരുന്നതിനാവശ്യമായ കോഴ്സുകൾ,അവസരങ്ങൾ എന്നിവ വിശദീകരിച്ചു.ഐടി മേഖലയിൽഎല്ലാവിധ പഠനപിന്തുണയും വാഗ്ദാനം ചെയ്തു.




## ’ലഹരിമുക്ത തലറമുറയ്ക്ക് മാത്രമേ സാമുഹിക വികസനം സാധ്യമാവകയുള്ളുഎന്ന് വിളംബരം ചെയ്തുകൊണ്ട് ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ പ്രതീകാത്മക വ്യുഹം തീർത്തു



# റോബോഫെസ്റ്റ് @ ബീനാച്ചി




ബീനാച്ചി ഗവണ്മെന്റ് ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ് വിദ്യാർത്ഥികൾ നടത്തിയ റോബോട്ടിക് ഫെസ്റ്റ് ,വയനാട് ജില്ല കൈറ്റ്കേന്ദ്രം മാസ്റ്റർ ട്രെയിനർ ശ്രീമതി ഹസീന സി ഉദ്ഘാടനം നിർവ്വഹിച്ചു.പ്രധാന അധ്യാപകൻ ശ്രീ സജി ടി ജി, പി.ടി.എ പ്രസിഡണ്ട് എസ്കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു.ദിവ്യ എബ്രഹാം,ജീന എം എസ്, രശ്മി പി വി തുടങ്ങിയ അധ്യാപകർനേതൃത്വം നൽകി.ആർഡിനോ മൊഡ്യൂൾ,സെൻസറുകൾ എന്നിവ ഉപയോഗിച്ച് നിത്യജീവിതത്തിൽ ഉപയോഗപ്രദമായ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം, കാർഷിക മേഖലയ്ക്കുതകുന്നവ ജലസേചന പദ്ധതികൾ,റോബോട്ടുകൾ,കാർ പാർക്കിംഗ് സിസ്റ്റം തുടങ്ങി വൈവിധ്യമാർന്ന സാങ്കേതിക ഉപകരണങ്ങളുടെ നിർമ്മാണവുംപ്രദർശനവും നടത്തി.ജില്ലയിലെ തന്നെ ആദ്യത്തെറോബോഫെസ്റ്റാണ് പൊതുവിദ്യാഭ്യാസ വകുപ്പ് മോഡൽ സ്കൂളായി ഉയർത്തിയ ,വയനാട്ടിലെ ഏക വിദ്യാലയമായ ജി എച്ച് എസ് ബീനാച്ചിയിൽ നടന്നത്

# തിരികെ സ്കൂളിലേക്ക്



സംസ്ഥാന സർക്കാർ കുടുംബശ്രീ
പ്രവർത്തകരുമായി ചേർന്ന്
നടപ്പിലാക്കിയ തിരികേ സ്കൂൾ
പദ്ധതിബീനാച്ചി
സ്കൂളിലുമവിപുലമായി നടന്നു.
പരിപാടിയിൽ എത്തി ചേർന്ന
കുടുംബശ്രീ പ്രവർത്തകർക്ക്
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഐടി ക്ലാസുകൾ നൽകി.
തിരഞ്ഞെടുത്ത്
കൈറ്റ് അംഗങ്ങൾ പെയിന്റിംഗ്,ലിബർ ഓഫീസ്
റൈറ്റർ,സൈബർ
സുരക്ഷ, ജിമെയിൽ അക്കൗണ്ട് ഉണ്ടാക്കുന്നവിധം എന്നിവ
പരിചയപെടുത്തി.
തങ്ങൾ പഠിച്ചിരുന്ന കാലഘട്ടത്തിൽ നിന്നും വളരേ
പുരോഗമിച്ചിരിക്കുന്ന
ഐടിലാബും ഐടി പഠനവും പഠിതാക്കൾക്ക് ഏറെ
ഉപകാരപ്രദമായിരുന്നുവെന്ന് കുടുംബശ്രീ പ്രവർത്തകർ
ഒന്നടങ്കം
അഭിപ്രായപെട്ടു.

<<<<<<<<>>>>>>>>

# മികവുത്സവം 2024

2023 24 അധ്യായന വർഷത്തിൽ പൊതു




വിദ്യാഭ്യാസ വകുപ്പ് ഒരു ജില്ലയിലെ ഒരു സ്കൂൾ മോഡൽ സ്കൂൾ ആയി തിരഞ്ഞെടുത്തു. വയനാട് ജില്ലയിലെ മോഡൽ സ്കൂൾ തിരഞ്ഞെടുത്തത് ജിഎച്ച്എസ് ബീനാച്ചിയാണ് അക്കാദമികം. ഭൗതികം സാമൂഹികം തുടങ്ങിയ മേഖലകളിൽ സമഗ്ര വികസനമാണ് മാതൃകാ വിദ്യാലയത്തിലൂടെ ലക്ഷപ്പെടുന്നത് മോഡൽ സ്കൂൾ പദ്ധതിയുടെ ഭാഗമായി ജനുവരി 24 25 തീയതികളിൽ മികവുത്സവം നടത്താൻ തീരുമാനിച്ച സ്റ്റാഫ് കൗൺസിൽ ചേർന്ന് വിവിധ കമ്മറ്റികൾ രൂപീകരിച്ച ചുമതലകൾ നൽകി പി ടി എ എം പി ടി എ എസ് എം സി സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർ എല്ലാവരെയും ചേർത്ത് സ്വാഗതസംഘം രൂപീകരിച്ച വിവിധ കമ്മറ്റികളിൽ പിടിയെ എം പി ടി എ എസ് എം സി അംഗങ്ങളെയും ഉൾപ്പെടുത്തി ഓരോ കമ്മറ്റികളിലും പ്രോഗ്രാം കമ്മിറ്റി സ്റ്റേജ് ആൻഡ് ഡെക്കറേഷൻ കമ്മിറ്റിഫുഡ് കമ്മിറ്റി പബ്ലിസിറ്റി കമ്മിറ്റി ധനസമാഹരണവും വിനിയോഗവും ഡിസിപ്ലിൻ കമ്മിറ്റി എന്നിങ്ങനെ മികോത്സവത്തിന്റെ

സുഗമമായ നടത്തിപ്പിന് ആവശ്യമായ കമ്മറ്റികൾക്ക് ചുമതല നൽകി എല്ലാ വിഷയങ്ങളിലും അധ്യാപകരും കുട്ടികളും സ്റ്റാളുകൾ ഒരുക്കി കൂടാതെ എംഎസ് സ്വാമിനാഥൻ ഫൗണ്ടേഷൻ വംശനാശ ഭീഷണി നേരിടുന്ന വിത്തുകൾ ചെടികൾ വൃക്ഷങ്ങൾ എന്നിവയുടെ പ്രദർശനം G Norm Saviour Award അവാർഡ് ജേതാവ് ശ്രീ പ്രസീത് കുമാറിൻ്റെ നെൽവിത്തുകളുടെ പ്രദർശനം kvj കൃഷി വിജ്ഞാൻ കേന്ദ്രം അമ്പലവയലിന്റെ വളങ്ങളുടെ പ്രദർശനം കേദാരം ഷാജി കിഴങ്ങു വർഗ്ഗങ്ങളുടെ പ്രദർശനം സ്കൂൾ മികവ് പ്രദർശനം പ്രീ പ്രൈമറി എൽ പി പഠനോപകരണ പ്രദർശനം മാതൃഭൂമി ഡിസി ബുക്ക്സ്റ്റാളുകൾ ആട്ട ഗ്യാലറി WE എക്സിബിഷൻ ഫിലിം ഫെസ്റ്റ് കോഴിക്കോട് സൈബർ പാർക്കിൻ്റെ virtual റിയാലിറ്റി Show എന്നിവ പ്രദർശിപ്പിച്ചു [2/20, 5:13 PM] B Ralima: 24 /1/ 24 ന് എക്സിബിഷൻ സ്റ്റാളുകളുടെ ഉദ്ഘാടനം ബഹു പത്മശ്രീ ചെറുവയൽ രാമൻ നിർവഹിച്ചു . മികവുത്സവത്തിൻ്റെ ഭാഗമായി അഖില വയനാട് ദേശഭക്തിഗാന മത്സരം സംഘടിപ്പിച്ചു 11 വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു. ഒന്നാം സമ്മാനം 3000 രൂപയും രണ്ടാം സമ്മാനം 2000 മൂന്നാം സമ്മാനം 1000 രൂപ വീതവും നൽകി ദേശഭക്തിഗാനത്തിന്റെ ഉദ്ഘാടനം DEO ശരത്ചന്ദ്രൻ കെ എ എസ് നിർവഹിച്ചു AEO ശ്രീമതി ജോളിയമ്മ അവർകളുടെ സാന്നിധ്യം ഉണ്ടായിരുന്നു ഉച്ചയ്ക്ക് ശേഷം 3 PMന് ബത്തേരി മുനിസിപ്പൽ വിദ്യാഭ്യാസ സ്റ്റാൻഡിങ്

കമ്മിറ്റി ചെയർപേഴ്സൺ ശ്രീ ടോം ജോസ് അവർകളുടെ അധ്യക്ഷതയിൽ സാംസ്കാരിക സമ്മേളനം ചേർന്നു.



സ്മാർട്ട് സ്റ്റാഫ് ഉദ്ഘാടനം (എംഎൽഎ ആസ്തി വികസന ഫണ്ട് )ബത്തേരി എംഎൽഎ ശ്രീ ഐ സി ബാലകൃഷ്ണൻ നിർവഹിച്ചു മികവുത്സവം ഉദ്ഘാടനം ബത്തേരി മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീ ടി.കെ രമേശ് നിർമ്മിച്ചു തയ്യാറാക്കിയ സപ്ലിമെൻറ് ശ്രീമതി എൽ സി പൗലോസ് (ബത്തേരി നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ) പ്രകാശനം ചെയ്തു സംസ്ഥാനതലൂകൾ പ്രകടിപ്പിച്ച വിദ്യാർത്ഥികൾക്കുള്ള ഉപഹാര സമർപ്പണം ശ്രീ സി കെ സഹദേവൻ (ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ബത്തേരി നഗരസഭ )നിർവ്വഹിച്ചു നഗരസഭ കൗൺസിലർമാരായ ശ്രീമതി രാധാ ബാബു ശ്രീ കെ സി യോഹന്നാൻ ശ്രീമതി മേഴ്സി ടീച്ചർ ശ്രീമതി ബിന്ദു പ്രമോദ് ശ്രീ ഷൗക്കത്ത്



കള്ളിക്കുടൻ DDE വയനാട് ശ്രീ ശശീന്ദ്രയാസ് ഡയറ്റ് പ്രിൻസിപ്പൽ ശ്രീ അബ്ബാസ് അലി എസ് എസ് കെ

വയനാട് ശ്രീ അനിൽകുമാർ വിദ്യാകിരണം കോഡിനേറ്റർ ശ്രീ വിൽസൺ തോമസ് ബിപിസി ബത്തേരി ശ്രീ അനൂപ് വി പി MEC impliment ഓഫീസർ അബ്ദുൽ നാസർ PTA പ്രസിഡൻറ് എസ് കൃഷ്ണകുമാർ എസ് എം സി ചെയർമാൻ ശ്രീ



എ പൈതൽ എം പി ടി എ പ്രസിഡൻറ് ശ്രീമതി പ്രമീമ സീനിയർ അസിസ്റ്റൻറ് ശ്രീമതി സ്മിതാ വി സ്റ്റാഫ് സെക്രട്ടറി ശ്രീ സാലിഹ് കെ സ്കൂൾ ലീഡർ മാസ്റ്റർ അമൽ അഷർ കോഡിനേറ്റർ ശ്രീ സാബു കെ പി എന്നിവർ പങ്കെടുത്തു. തുടർന്ന് 6 PM മുതൽ ശലഭോത്സവം പ്രീ പ്രൈമറി ഫെസ്റ്റ് നടന്നു ഫ്ലവേഴ്സ് ചാനൽ ടോപ് സിംഗർ മാസ്റ്റർ മെബിൻ മാർട്ടിൻ ഉദ്ഘാടനം ചെയ്തു മൂന്നു മണിക്കൂർ കുരുന്നുകളുടെ വർണ്ണാഭമായ കലാപകാരികൾ സംഘടിപ്പിക്കപ്പെട്ടു 25 1 24ന് 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ പഠന മികവുകൾ അവതരിപ്പിക്കപ്പെട്ടു ആ ഗ്യ പാട്ടുകൾ കഥകൾ കവിതകൾ മാപ്പിളപ്പാട്ട് സംസ്കൃത പദ്യം ദൃശ്യാവിഷ്കാരങ്ങൾ സയൻസ് സെമിനാർ നാടകം ഇംഗ്ലീഷ് സ്കിറ്റ് തെരുവ് നാടകം നാടൻപാട്ട് നിർതത നിർത്യങ്ങൾ കരോക്കെ ഗാനമേള ഒപ്പന വട്ടപ്പാട്ട് ഒരു മുഴ നീള ദിന പരിപാടികൾ അതിഗംഭീരമായി അവതരിപ്പിക്കപ്പെട്ടു മികവുത്സവത്തിന് കൊഴുപ്പേകാൻ കുട്ടികളുടെ ചായ പീടിക രണ്ടു ദിവസവും പ്രവർത്തിച്ചു

ഗോത്ര ഫെസ്റ്റ് പ്രച്ഛന്ന വേഷം (ഭിന്നശേഷി വിദ്യാർഥികൾ) എന്നീ പരിപാടികളിലൂടെ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം ഉയർത്തിക്കാട്ടാൻ സാധിച്ചു ബത്തേരി മുൻസിപ്പാലിറ്റിയിലെ വിവിധ സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളും അധ്യാപകരും നമ്മുടെ മികവുത്സവം കാണാനും ആസ്വദിക്കാനും എത്തിയിരുന്നു വളരെ മികച്ച രീതിയിലുള്ള അവതരണങ്ങളും പ്രദർശനങ്ങളും ആണെന്ന് അവർ വിലയിരുത്തി നാടിനും സുൽത്താൻബത്തേരി നഗരസഭയ്ക്കും അഭിമാനമായ ഒരു മികവുത്സവമായി ഞങ്ങൾ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും വിലയിരുത്തുന്നു.



നിറം മങ്ങിയ സ്വപ്നങ്ങളിൽ വസന്തം വിതറിയതിന്........
വേരുകളാഴ്ന്നിറങ്ങിയ മോഹങ്ങളിൽ വെളിച്ചം പകർന്നതിന്......
കൂടെ നിന്നതിന്......
പുഞ്ചിരിയോടെ പ്രതികരിച്ചതിന്.....
സ്നേഹത്തോടെ സഹകരിച്ചതിന്.....
മനസ്സിന്റെ കോണിൽ കരുതിയ ഇഷ്ടം... സ്നേഹം.....നന്ദി

എയ്ബൽ എം ബിജു

സ്റ്റുഡൻറ് എഡിറ്റർ

<<<<<<<<<<<<>>>>>>>>>>>

